# കോഴിയും കാക്കയും
*******************

**ബേബി കാക്കശ്ശേരി**



കോഴിയും കാക്കയുമൊത്തുകൂടി
പിന്നെയവർ തമ്മിൽ കൊത്തുകൂടി.

"കൊക്കോ ക്കൊ ഞാനൊന്ന് കൂവിയെങ്കിൽ
മാത്രമേ നേരം വെളുക്കയുള്ളു "

പൂങ്കോഴിച്ചാത്തന്റെ വമ്പു കേട്ട്
കാക്കയ്ക്ക് കൊക്കിലരിശം വന്നു.
"ഇക്കാണും ഞാലിപ്പൂ വാഴക്കയ്യിൽ
ചെന്നു ഞാനൊന്ന് കാ കാ വിളിച്ചാൽ
എത്തും വിരുന്നുകാരിന്നു വീട്ടിൽ
പിന്നെ നീ ചട്ടിയിൽ ചില്ലിചിക്കൻ!
എങ്കിലും നേരം പുലരും നാളെ
വങ്കത്തം കൂവല്ലേ നാട് നീളെ."